(ബി) 1-2-2005-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽനിന്നും അർഹതപ്പെട്ടവർക്ക് നിയമന ഉത്തരവ് ഉടനെ നൽകുന്നതാണ്.

(സി) ഒരുവർഷം 20 തസ്തികകളാണ് ഈ വിഭാഗത്തിനായി നീക്കിവെച്ചിരിക്കുന്നത്. 1999-മുതൽ 2001-വരെയുള്ള 100 തസ്തികകളിലേക്കാണ് ഇപ്പോൾ നിയമനം നടക്കാനിരിക്കുന്നത്. വിവിധ ഇനങ്ങൾക്ക് നീക്കിവെച്ചിരിക്കുന്ന തസ്തികകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

നടുവണ്ണൂരിൽ സ്ഥാപിക്കുന്ന വോളിബോൾ അക്കാദമി

153 [1871] ശ്രീ. റ്റി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിലെ നടുവണ്ണൂരിൽ സ്ഥാപിക്കുന്ന വോളിബോൾ അക്കാദമിയുടെ പ്രവർത്തനം ഏത് ഘട്ടം വരെ എത്തിയെന്ന് വ്യക്തമാക്കാമോ ;

(ബി) അക്കാദമിക്കാവശ്യമായ സ്ഥലം എവിടെ നിന്നാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) വോളിബോൾ അക്കാദമി എപ്പോൾ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വോളിബോൾ അക്കാദമിക്ക് സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടുവണ്ണൂരിലെ റവന്യൂ (പുറമ്പോക്ക്) സ്ഥലത്തിൽ 1.9 ഏക്കർ സ്ഥലം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിയ്ക്കുന്നതാണ്.

കാഞ്ഞങ്ങാട് സ്പോർട്സ് സ്റ്റേഡിയം നിർമ്മിക്കാൻ നടപടി

154 (1872) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായികമായി വളരെ ഉയർന്ന നിലവാരം പുലർത്തുന്നതും കായികമായ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറഞ്ഞതുമായ കാഞ്ഞങ്ങാട്ട് നിലവാരമുള്ള ഒരു സ്റ്റേഡിയം ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ന്യൂനത പരിഹരിക്കുന്നതിന് അന്തർസംസ്ഥാന നിലവാരമുള്ള ഒരു സ്റ്റേഡിയം കാഞ്ഞങ്ങാട് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

† അനുബന്ധം-VIII.

LIBRARY ARCHIVES Kerala Legislative Assembly